II ഇ.ബി.XIV-കേരള നിയമസഭ/V-9

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 9, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

29(*271) പാർട്ണർ കേരള മിഷന്റെ പ്രവർത്തനം

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, പൊതുജന സേവനാർത്ഥം സ്വകാര്യ മൂലധന നിക്ഷേപത്തിലൂടെ പൊതുനിർമ്മിതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ ഒരു നോഡൽ ഏജൻസിയായി 29/09/2014-ന് രൂപീകരിച്ച പാർട്ണർ കേരള മിഷന്റെ പ്രവർത്തനം കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സമഗ്ര വികസനം

ലക്ഷ്യമിട്ടാണ് മുന്നോട്ടു പോകുന്നതെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11/01/2017-ന് ചേർന്ന ആദ്യ ജനറൽ ബോഡി യോഗം ഇതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പാർട്ണർ കേരള മീറ്റിൽ നിന്നും ഇതിലേയ്ക്ക് റഫർ ചെയ്ത 106 പദ്ധതികളിൽ ട്രാൻസാക്ഷൻ അഡ്വൈസറായ കിറ്റ്കോ 60 പദ്ധതികളുടെ സാദ്ധ്യതാ പഠനം നടത്തിയതിൽ 38 എണ്ണം ഫീസിബിളാണെന്ന് കണ്ടെത്തുകയുണ്ടായി. അതിൽ 17 പദ്ധതികൾ ആർ.എഫ്.ക്യൂ. സ്റ്റേജിലും മൊബിലിറ്റി ഹബ് (കോഴിക്കോട്), പബ്ലിക് പാർക്കിംഗ് ആന്റ് മൾട്ടി ഫംഗ്ഷണൽ കോംപ്ലക്സ് (ഇടപ്പള്ളി), മോഡേൺ സ്ലോട്ടർ ഹൗസ് (കൊല്ലം), മോഡേൺ സ്ലോട്ടർ ഹൗസ് (തൃശ്ശൂർ), മോഡേൺ സ്ലോട്ടർ ഹൗസ് (പാലക്കാട്) പബ്ലിക് പാർക്കിംഗ് ആന്റ് കൊമേഴ്സ്യൽ കോംപ്ലക്സ് (കൊല്ലം) തുടങ്ങിയ 7 പദ്ധതികൾ ആർ.എഫ്.പി. സ്റ്റേജിലുമാണെന്നും കൂടുതൽ സംരംഭകരെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിനായി വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ 50 ശതമാനത്തിൽ താഴെ ഓഹരി മൂലധനമുള്ള കമ്പനികൾക്കും കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും പി.പി.പി. പദ്ധതികളുടെ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കിറ്റ്കോയ്ക്ക് പുറമെ മറ്റ് ഏജൻസികളെ കൺസൾട്ടന്റായി

നിയമിക്കുക, ബിഡ് ഇവാല്യുവേഷൻ കമ്മിറ്റിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കേണ്ടത് മിഷന്റെ ജനറൽ ബോഡി യോഗമാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

30(*272) കാർഷിക വിളകൾക്ക് ഇൻഷ്വറൻസ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും കാലാവസ്ഥയിലുണ്ടാകുന്ന അനിശ്ചിതാവസ്ഥ പരിഗണിച്ച് പരമാവധി കർഷകരെ ടി പദ്ധതിയിൽ അംഗമാക്കുന്നതിന് കൃഷി ഭവൻ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകൾ നടത്തുന്നതാണെന്നും സഭയെ അറിയിച്ചു. പദ്ധതിയിൽ അംഗത്വമെടുക്കുന്ന കർഷകർക്ക് പുനരാവിഷ്കരിച്ച നിരക്കിൽ നിബന്ധനകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി ഡി.ബി.റ്റി. സംവിധാനത്തിലൂടെ നഷ്ടപരിഹാരത്തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതാണെന്നും വന്യമൃഗങ്ങളുടെ ആക്രമണവും പ്രകൃതിക്ഷോഭവും കീടരോഗബാധയുംമൂലം കൃഷിനാശം സംഭവിക്കുന്ന മറ്റ് വിളകൾക്കുകൂടി വിള ഇൻഷ്വറൻസ് ബാധകമാക്കാൻ

ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കുട്ടനാട് ഉൾപ്പെടെയുള്ള നെൽപ്പാടങ്ങളിൽ ഓരുവെള്ളം കയറുന്നത് തടയുന്നതിനായി ഷെഡ്യൂൾ നിശ്ചയിച്ച് ഓരുമുട്ടുകളുടെ പണി പൂർത്തീകരിക്കുന്നതിന് ഇറിഗേഷൻ -കൃഷി ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി മന്ത്രിതലത്തിൽ യോഗം ചേർന്ന് ഓരോ ജില്ലയിലേയും കളക്ടർമാർ ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയും ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിച്ച നെൽക്കർഷകർക്ക് 13,500 രൂപ വീതം കേന്ദ്ര ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് സുസ്ഥിരമായ വില ലഭ്യമാക്കുന്നതിന് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി മാർക്കറ്റിംഗ് ഷെഡ്യൂൾ തയ്യാറാക്കുകയും വിളകളുടെ വിലയടിസ്ഥാനപ്പെടുത്തി നിബന്ധനകൾക്ക് വിധേയമായി പുതിയൊരു ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും കാലാവസ്ഥാ വ്യതിയാനങ്ങൾ മുൻകൂട്ടി അറിയുന്നതിനായി സംസ്ഥാനത്ത് നിലവിൽ 134 വെതർ സ്റ്റേഷനുകളുണ്ടെന്നും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ഓരോ പഞ്ചായത്തിലും ഓരോ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

31(*273) <u>തുറമുഖ മണൽ ഖനനം</u>

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ

കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, 09-02-2017-ലെ ഉത്തരവുപ്രകാരം തുറമുഖങ്ങളിലെ മാന്വൽ ഡ്രെഡ്ജിംഗിനായി പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും സഹകരണ സംഘങ്ങൾക്കുപകരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകുന്നതിലൂടെ പ്രവൃത്തി കൂടുതൽ സുതാര്യമായും കാര്യക്ഷമമായും ഉത്തരവാദിത്വത്തോടെയും ചെയ്യാൻ സാധിക്കുന്നതാണെന്നും സഭയെ അറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന മുൻപരിചയമുള്ള തദ്ദേശവാസികളായ തൊഴിലാളികൾ മുഖാന്തിരമാണ് മാന്വൽ ഡ്രെഡ്ജിംഗ് നിർവ്വഹിക്കുന്നത്. ഇതിനായി പ്രാദേശിക മണൽ വാരൽ തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് സുതാര്യമായ സംവിധാനം ഏർപ്പെടുത്തുകയും തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രാദേശിക കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡ്രെഡ്ജ് ചെയ്ത് മാറ്റേണ്ട പദാർത്ഥങ്ങളുടെ അളവ് അതാത് പോർട്ട് കൺസർവേറ്റർമാർ നിശ്ചയിക്കുകയും ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വില അടിസ്ഥാനമാക്കി തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം നടത്തുകയുമാണ് ചെയ്യുന്നതെന്ന് മന്ത്രി വ്യക്തമാക്കി. മാന്വൽ ഡ്രെഡ്ജിംഗ് നടക്കുന്ന 9 തുറമുഖങ്ങളിൽ കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം, വടകര, ബേപ്പൂർ, കൊടുങ്ങല്ലൂർ എന്നീ പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജിയോളജി വകുപ്പിനുമുള്ള സർക്കാർ വിഹിതവും

തൊഴിലാളികൾക്കുള്ള കൂലിയും നിശ്ചയിക്കുകയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മണൽ വിപണനം സുതാര്യവും സത്യസന്ധവും വസ്തുതാപരവുമായി നിർവ്വഹിക്കുന്നതിനുമുള്ള ക്രമീകരണം നടത്തുന്നതിനായി പൊന്നാനി മോഡൽ നയത്തിന് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിഴിഞ്ഞം തുറമുഖത്ത് നിക്ഷേപിക്കപ്പെട്ടിട്ടുള്ള മണൽ പ്രയോജനപ്പെടുത്തുകയും ഡ്രെഡ്ജിംഗിനെത്തുടർന്ന് ലഭിക്കുന്ന എക്കൽ ഉപയോഗയോഗ്യമാക്കുകയും ചെയ്യുന്നതാണ്. കൊടുങ്ങല്ലൂർ-അഴീക്കോട് പ്രോജക്ട് തുറമുഖ നവീകരണ ശൃംഖലയിൽ ഉൾപ്പെടുത്തുന്നതാണെന്നും ക്രമക്കേടുകൾ നടത്തിയ സഹകരണ സംഘങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. അഴിമുഖത്തെ ചെളി എത്രത്തോളം നീക്കം ചെയ്യണമെന്ന് പോർട്ട് അധികൃതർ തീരുമാനിക്കുന്നതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നീക്കം ചെയ്യുകയും സാങ്കേതിക വൈദഗ്ധ്യത്തോടെ ശുദ്ധീകരിച്ച് മണലെടുക്കുകയാണ് ചെയ്യുന്നതെന്നും ഇതിനായി പൊന്നാനിയിൽ പുതിയൊരു മാതൃകയ്ക്ക് രൂപം നൽകിയിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രിയും മണൽ വാരുന്നതിന് നിലവിൽ സാന്റ് ആഡിറ്റിനുള്ള നിർദ്ദേശം നിലവിലുണ്ടെന്നും വെള്ളത്തിനടിയിലുള്ള മണൽ വാരുന്നതിനെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള അഭിപ്രായം

പരിശോധിക്കപ്പെടേണ്ടതാണെന്നും മറ്റൊരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും വ്യക്തമാക്കി.

32(*274) <u>ലൈഫ് മിഷൻ</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2022-ൽ എല്ലാവർക്കും ഭവനവും ജീവനോപാധിയുമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ലൈഫ് മിഷനിലൂടെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ മുഖേന സർവ്വെ പൂർത്തീകരിച്ചിട്ടുണ്ടെന്നും വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത്-ജില്ലാ തലങ്ങളിൽ അപ്പീലുകൾ കേട്ടശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുകയും ചെയ്യുന്നതാണെന്നും സഭയെ അറിയിച്ചു. ഈ മാസാവസാനത്തോടെ ആദ്യഘട്ടമെന്ന നിലയിൽ 14 ജില്ലകളിലെയും ഭൂ-ഭവന രഹിതർക്കായി ഓരോ ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ആരംഭം കുറിക്കുന്നതാണ്. പദ്ധതിക്കാവശ്യമായ തുക സംസ്ഥാന സർക്കാർ ഒന്നിച്ച് വായ്പയെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സംഖ്യയുടെ പലിശ ഗവൺമെന്റ് അടയ്ക്കുകയും ക്യാപ്പിറ്റൽ എമൗണ്ടിലേയ്ക്ക് ഓരോ തദ്ദേശഭരണസ്ഥാപനങ്ങളും 25 ശതമാനത്തിൽ കൂടാത്ത പ്ലാൻ ഫണ്ടിന്റെ വിഹിതം

പ്രതിവർഷം തിരിച്ചടയ്ക്കുകയും ചെയ്യേണ്ടതാണെന്നും നിലവിലുള്ള വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ, കേന്ദ്രാവിഷ്കൃത ഭവന പദ്ധതികൾ എന്നിവയുമായി സംയോജിപ്പിച്ചാണ് ലൈഫ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി. ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി പ്രാദേശിക സംഭാവനകളും സി.എസ്.ആർ. ഫണ്ടുകളും സ്വീകരിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തുവാനും വിദേശത്തുനിന്നും സംഭാവനകൾ സ്വീകരിക്കുന്നതിന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ നിലവിലുള്ള അക്കൗണ്ട് ഉപയോഗിക്കുവാനും ജനകീയ പങ്കാളിത്തത്തോടെ പ്രാദേശികമായ സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ച് വീടുകൾ പൂർത്തീകരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. സി.ആർ.ഇസഡ്.-ന്റെയും നഞ്ച കമ്മിറ്റിയുടെയും അനുമതിയോടുകൂടി ലൈഫ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുമെന്നും പി.എം.എ.വൈ. പദ്ധതി പ്രകാരം റൂറൽ മേഖലകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ 32,559 പേർക്കുള്ള ഭവന ധനസഹായം ലഭിക്കുമെങ്കിലും 12,000 അപേക്ഷകൾ മാത്രമേയുള്ളൂവെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർണ്ണവും വാസയോഗ്യമായ വീടില്ലാത്തവർക്കും ചില പദ്ധതികളുടെ ഭാഗമായി ഭാഗികമായി വീട് അനുവദിച്ചിട്ടുള്ളവർക്കും ആനുകൂല്യം ലഭിക്കുമെന്നും ലക്ഷംവീട് പദ്ധതിയുടെ

ഭാഗമായി ഇരട്ടവീട് ഒറ്റവീടാക്കുന്നത് നേരത്തെ നടപ്പാക്കിയിട്ടില്ലെങ്കിൽ അതുകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണെന്നും മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവർക്കും ടി പദ്ധതിയിലൂടെ പ്രത്യേക പരിഗണന നൽകുമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2558 മുതൽ 2842 വരെയുള്ള ചോദ്യങ്ങളിൽ 93 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)